ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി നടപടി നടത്തിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങനെ നടപടി നടത്താത്തതുകൊണ്ട് കയറഴിഴിലാളികളുടെ നില പരിതാപകരമായിട്ടുണ്ടെന്ന അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ട് മാത്രമാണെന്ന തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഏത്ര രൂപ മുടക്കി ജോലി ചെയ്യുന്ന ആളുകളെയാണ ഇവിടെ മുതലാളിമാരെന്ന പറയുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ കാണുന്നത് തൊഴിലാളികളല്ലാത്ത ആളുകൾ മുതലാളിമാർ ആണെന്നാണ്.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 15. [17] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആദ്യത്തെ കൊല്ലത്തിൽ ഈ സ്റ്റേറിൽ സ്റ്റേറ പ്ലാനും, സെൻട്രൽ പ്ലാനും ഉൾപ്പെടെ ആകെ എത്ര രൂപയുടെ ചെലവു ചെയ്യപ്പെടും; ഇതിൽ കേന്ദ്രത്തിൽ നിന്നും ചെലവു ചെയ്യുന്നതെത്ര; സ്റ്റേറ സ്കീംസിനുള്ള വരുമാനമാർഗ്ഗം ഏതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : സ്റ്റേറ പ്ലാൻ അനുസരിച്ചു രണ്ടാം പഞ്ചവത്സരപദ്ധതിയുടെ സൂക്ഷ്മമായ തുകകൾ, മാർച്ചുമാസം 9-ാംതു- ധനകാര്യമന്ത്രി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബഡ്ജറിൽ നിന്നും ലഭിക്കുന്നതാണ്. സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഉള്ള വിഹിതം തീരുമാനിച്ചിട്ടില്ല. സ്റ്റേറ സ്കീംസിലുള്ള വരുമാനമാർഗ്ഗങ്ങൾ.

(1) നിലവിലുള്ള നികുതി നിരക്കനുസരിച്ചു് പ്ലാനിലേക്കുള്ള വിഹിതം,

(2) നികുതി വർദ്ധനവിൽ നിന്നുമുള്ള വരവു്,

(3) പൊതുജനങ്ങളിൽ നിന്നുള്ള വായ്പ,

(4) ഗവണ്മെൻറ നിക്ഷേപങ്ങൾ വിൽക്കുന്നതിൽ നിന്നുള്ള തുക.

ഈ നാലു ഇനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ കൂടാതെ കേന്ദ്ര ഗവണ്മെൻറിൽ നിന്നും വായ്പയും സഹായധനവും ലഭിക്കുന്നതാണ്.

ശ്രീ. ഡി. വിവേകാനന്ദൻ : സെൻട്രൽ ഗവണ്മെൻറിൽ നിന്നും എത്ര തുക ഗ്രാന്റ എന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വക വിവരങ്ങൾ എല്ലാം നാലഞ്ചു ദിവസങ്ങൾക്കകം അറിയാം.

LIBRARY ARCHIVES Kerala Legislative Assembly